## ഉള്ളടക്കം


| | | |
|---|---|---|
| 1 ആമുഖം | | 08 |
| 2. സാറാജോസഫിന്റെ രണ്ട് നോവലുകൾ | ഡോ. എം.ലീലാവതി | 15 |
| 3. മുടിത്തെയ്യങ്ങൾ | സച്ചിദാനന്ദൻ | 61 |
| 4. സാറായണങ്ങൾ | സച്ചിദാനന്ദൻ | 106 |
| 5. നാട്ടുവഴക്കത്തിന്റെ മാന്ത്രികത | പ്രൊഫ.ബി.മുഹമ്മദ് അഹമ്മദ് | 129 |
| 5. പെണ്മ, പ്രകൃതി, പ്രതിരോധം | ഡോ.കെ.എസ്.രവികുമാർ | 135 |
| 6. സ്ഥലപുരാണത്തിന്റെ പെൺപരിപ്രേക്ഷ്യം | ഡോ. ജാൻസി ജയിംസ് | 145 |
| 7. സാംസ്കാരികാധിനിവേശം പെൺമക്കളിൽ നിന്നും മാറ്റാത്തിയിലെത്തുമ്പോൾ | ഡോ.സി. ആർ. പ്രസാദ് | 154 |
| 8. മലയാളസാഹിത്യത്തിലെ തായ്കുലം | ജെ. ദേവിക | 161 |
| 9. ശരീരത്തിന്റെയും ഭാഷയുടെയും ജെൻഡർ | ജെ. ദേവിക | 189 |
| 10. മാതൃത്വപാഠത്തിന് നവീനഭേദങ്ങൾ | പി. ഗീത | 196 |
| 11. പെൺചരിത്രത്തിന്റെ പോരിടങ്ങൾ | പി. ഗീത | 205 |
| 12. ആലാഹയുടെ നമസ്കാരം | ഡോ. പി. കെ. തിലക് | 214 |
| 13. നിന്ദിതരുടെ ഇതിഹാസം | ഡോ. പി. കെ. തിലക് | 219 |
| 14. കിഷ്കിന്ധ:അധിനിവേശത്തിന്റെ രാഷ്ട്രീയം | ഡോ. ഇ. ബാനർജി | 224 |
| 15. സംസ്കാരത്തിന്റെ പൊളിച്ചെഴുത്തുകൾ | ഡോ. ഷാജി ജേക്കബ്ബ് | 236 |
| 16. ഇരകളുടെ ഇതിഹാസം | സൽമ ടി. | 243 |
| 17. ഭാഷയും പ്രതിരോധവും | ദീപ ചിറ്റാക്കൂൽ | 252 |
| 18. അമരനാമ്പുകളും തൊരടിമുള്ളുകളും | ഡോ. മിനിപ്രസാദ് | 263 |
| 19. പെണ്ണ് പൂക്കും നാട്ടിലെത്താനാവാത്തവർ | ഡോ. മിനിപ്രസാദ് | 270 |
| 20. പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ....... | ഡോ. ജിസജോസ് | 275 |
| 21. ഹരിതദർശനത്തിന്റെ പെൺകരുത്ത് | ഷെല്ലി എം. ആർ. | 286 |
| 22. മണ്ണ്, ജലം, ജീവൻ ...... | ഡോ. എം. എസ്. പോൾ | 297 |
| 23. നഗരവത്കരണത്തിന്റെ.......... | മുരളികൃഷ്ണൻ | 300 |
| 24. ഹരിതദൈവശാസ്ത്രം സാറാജോസഫിന്റെ രചനകളിൽ | പി. എ. പുഷ്പലത | 315 |
| 25. ആതിയുടെ ആദിയും അന്തവും....... | ഡോ. അനിത ആർ. | 323 |

# സിനിമ

## സാങ്കേതികതയും സംസ്കാരവും



എഡിറ്റർ: ഡോ. ഷീബ എം. കുര്യൻ

ഭാഗം മൂന്ന്

# സ്ത്രീ, പുരുഷൻ, മൂന്നാം ലിംഗം

## 1

## അഭ്രപാളിയിലെ സ്ത്രൈണപാഠങ്ങൾ

വി. ലിസി മാത്യു

സ്ത്രീയുടെ അനുഭവങ്ങളും സ്വീകാര്യതയും, കുടുംബത്തിലും സമൂഹത്തിലും ചരിത്രാതീതകാലം മുതൽതന്നെ ചില മുൻവിധികളോട് ബന്ധപ്പെട്ടതാണ്. പൊതുയിടത്തിൽ സ്ത്രീയെ നിർണ്ണയിക്കുന്ന പഠനങ്ങൾ എല്ലാം സ്ത്രീസത്ത ശരീരകേന്ദ്രീകൃതമാണെന്നാണ് വ്യക്തമാക്കുന്നത്. ആണ്, പെണ്ണ് എന്ന വേർതിരിവിന് കാരണമാകുന്നതും കാർമികത്വം വഹിക്കുന്നതും ശരീരമാണെന്നതാണ് യാഥാർത്ഥ്യം. ശരീരത്തെ കേന്ദ്രീകരിച്ച് കൊണ്ടാണ് കഥാപാത്രത്തിന്റെ വ്യക്തിപരവും മാനസികവുമായ പ്രശ്നങ്ങൾ ആഖ്യാനം ചെയ്യപ്പെടുന്നത്. ഏത് ആവിഷ്കാരത്തിലും സ്ത്രീ അരങ്ങിലെത്തിയാൽ ആ കഥാപാത്രം അഭിമുഖീകരിക്കുന്ന ജീവിതസമസ്യകൾ, കഥയിൽ ഉന്നയിക്കപ്പെടുന്ന സാമൂഹികപ്രശ്നങ്ങൾ, കഥാപാത്രങ്ങൾ തമ്മിലുള്ള വിനിമയങ്ങൾ, അഭിനയശേഷി ഇവയ്ക്കെല്ലാമുപരി ആസ്വദിക്കപ്പെടുന്നത് അവളുടെ ശാരീരികസവിശേഷതകളാണ്. അഭിനേതാവ് എന്ന നിലയിലും കഥാപാത്രമെന്ന നിലയിലും സ്ത്രീകൾക്ക് ഇത്തരം സാഹചര്യങ്ങൾ ഗുരുതരമായ വെല്ലുവിളികൾ ഉയർത്തിയിട്ടുണ്ടെന്നതാണ് ചരിത്രവസ്തുത. മലയാളസിനിമയും അതിന്റെ തുടക്കം മുതൽ തന്നെ ഇത്തരം പ്രശ്നങ്ങളെ അഭിമുഖീകരിച്ചിട്ടുണ്ട്.

സ്ത്രീശരീരത്തെയും സിനിമയെയും ചേർത്തുവെച്ച് നടത്തിയ പഠനങ്ങളിൽ ഏറ്റവും ശ്രദ്ധിക്കപ്പെട്ടത് ലോറാ മൽവിയുടെ നിരീക്ഷണങ്ങളാണ്. 'വിഷ്വൽ പ്ലഷർ ആന്റ് നരേറ്റിവ് സിനിമ' എന്ന ലേഖനത്തിൽ ഹോളിവുഡ് സിനിമയെ മുൻനിർത്തി 1975-ൽ അവർ മുന്നോട്ട് വച്ച ചില നിരീക്ഷണങ്ങൾക്ക് ഇന്നും ഏറെ പ്രസക്തിയുണ്ട്. കാഴ്ച എപ്പോഴും പുരുഷപക്ഷത്ത് നിലനിൽക്കുന്നു